**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2528** | **23-02-2026 - ൽ മറുപടിയ്ക്ക്**

**ലോക സാമ്പത്തിക ഉച്ചകോടിയിലെ കേരളത്തിന്റെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ സംസ്ഥാനം പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര തവണ പങ്കെടുത്തിട്ടുണ്ട്; | (എ) | ഈ സർക്കാരിന്റെ കാലത്ത്, സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക യോഗത്തിന്റെ രണ്ട് പതിപ്പുകളിൽ (2025 ലും 2026-ലും) കേരളം പങ്കെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ ഉച്ചകോടിയിലും കേരളത്തെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് പങ്കെടുത്തിട്ടുള്ളതെന്നും ആയതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ; | (ബി) | ലോക സാമ്പത്തിക ഫോറത്തിന്റെ 2025 -ലെയും 2026-ലെയും വാർഷിക യോഗത്തിൽ പങ്കെടുത്ത കേരള പ്രതിനിധികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>2025 -ൽ ദാവോസിൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി, മാനേജർ, കെ.എസ്.ഐ.ഡി.സി. എന്നിവർ പങ്കെടുത്തിട്ടുണ്ട്. ഈ പതിപ്പിലെ പങ്കാളിത്തത്തിന് ഏകദേശം ₹ 10 കോടി ചെലവഴിച്ചിട്ടുണ്ട്.ഇതിൽ ഇന്ത്യാ ഗവൺമെന്റ് വകുപ്പായ DPIIT വഴി പവലിയൻ സ്ഥലം ലഭ്യമാക്കിയതും ഉൾപ്പെടുന്നു.<br><br>2026-ൽ ദാവോസിൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി, ജനറൽ മാനേജർ, കെ.എസ്.ഐ.ഡി.സി. എന്നിവർ പങ്കെടുത്തിട്ടുണ്ട്. ഈ പതിപ്പിലെ പങ്കാളിത്തവും ഇൻഡ്യാ ഗവൺമെന്റ് വകുപ്പായ DPIITവഴി പവലിയൻ സ്ഥലം ലഭ്യമാക്കിയതും ഉൾപ്പെടെ ഏകദേശം ₹ 15 കോടിയിൽ പരം ചെലവഴിച്ചു. കൂടാതെ ഇന്ത്യാ ഗവൺമെന്റ് വകുപ്പായ DPIITയിൽ നിന്ന് ഈ ഇനത്തിൽ തിരികെ കിട്ടാനുള്ള പൈസ കൂടി |

| | | | |
|---|---|---|---|
| | | | കണക്കാക്കിയാലെ യഥാർത്ഥത്തിൽ ചിലവായ തുക (ഇപ്പോൾ പറഞ്ഞതിൽ നിന്നും കുറവ്) തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഓരോ ഉച്ചകോടിയിലും സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് മൂലം ലഭിച്ച നിക്ഷേപങ്ങളുടെയും തൊഴിലവസരങ്ങളുടെയും കണക്കുകൾ വ്യക്തമാക്കാമോ; | (സി) | ലോക സാമ്പത്തിക ഫോറത്തിന്റെ 2025-ലെ വാർഷിക യോഗത്തിൽ കേരള പ്രതിനിധി സംഘം ആഗോള കമ്പനികളുമായും നിക്ഷേപകരുമായും സ്ഥാപനങ്ങളുമായും അമ്പതിലധികം ഘടനാപരമായ കൂടിക്കാഴ്ചകൾ നടത്തി, കേരള ഹൈഡ്രജൻവാലി ലോക സാമ്പത്തിക ഫോറത്തിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിൽ ഉൾപ്പെടുകയും ചെയ്തു. കൂടാതെ പത്തിലധികം റൗണ്ട് ടേബിൾ ചർച്ചകളും മേഖലാതല സംവാദങ്ങളും സംഘടിപ്പിച്ചു. ഈ ഇടപെടലുകൾക്കൊപ്പം, ഭാരത് ബയോടെക്കിന്റെ ആർ.സി.സി ന്യൂട്ര ഫിൽസ് പോലെയുള്ള പദ്ധതികളുടെ നടപ്പാക്കൽ ഉറപ്പാക്കുവാനും സാധിച്ചു. ഇതിനെ തുടർന്നുള്ള ആഗോള നിക്ഷേപക സംഗമത്തിൽ വലിയ തോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സമ്മിറ്റിലൂടെ 449 താത്പര്യ പത്രങ്ങളിൽ നിന്നായി ഏകദേശം 1.81 ലക്ഷം കോടി മൂല്യമുള്ള നിക്ഷേപ താത്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. പ്രസ്തുത സംഗമം നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് മുൻപ് ഇവയിൽ 112 നിക്ഷേപ താത്പര്യപത്രങ്ങൾ യാഥാർത്ഥ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇതിലൂടെ 37608.220 കോടിരൂപയുടെ നിക്ഷേപങ്ങളും ഏകദേശം 63,313 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>ലോക സാമ്പത്തിക ഫോറത്തിന്റെ 2026 ലെ വാർഷിക യോഗത്തിൽ, കേരള സർക്കാർ പങ്കെടുത്തത് ഒരു പ്രതീകാത്മക സാന്നിധ്യമായി മാത്രമല്ല, ആഗോള നിക്ഷേപ തീരുമാന സംവിധാനങ്ങളിൽ കേരളത്തെ ശക്തമായി സ്ഥാനപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ ഇടപെടലായിട്ടാണ് രൂപകൽപ്പന ചെയ്തിരുന്നത്. രണ്ടായിരത്തി ഇരുപത്തിയാറിലെ പങ്കാളിത്തം ഒരു നിർണായക വഴിത്തിരിവായി മാറി. ദൃശ്യതയിൽ നിന്ന് പരിവർത്തനത്തിലേക്ക്, ഇടപെടലിൽ നിന്ന് നടപ്പിലാക്കലിലേക്ക് എന്ന രീതിയിലേയ്ക്ക് മാറിയിട്ടുണ്ട്.<br><br>ഡാവോസിലെ കേരളത്തിന്റെ സാന്നിധ്യത്തിന്റെ പ്രധാന സവിശേഷത, പ്രൊമനേഡ് നാല്പത്തിയെട്ടിൽ പ്രത്യേക കേരള പവലിയൻ സ്ഥാപിച്ചതാണ്. ഇന്ത്യ പവലിയൻ മേഖലയിലുണ്ടായിരുന്ന പ്രത്യേക മുറിയോടൊപ്പം, ഈ |

പവലിയൻ ഇടപെടൽ, ബ്രാൻഡിംഗ്, ചർച്ചകൾ എന്നിവയ്ക്കുള്ള തന്ത്രപ്രധാന ഉപാധിയായി പ്രവർത്തിച്ചു. ഉന്നത ബിസിനസ് നേതാക്കൾക്കും നയരൂപീകരണ വിദഗ്ധർക്കും ബഹുരാഷ്ട്ര ഏജൻസികൾക്കും മാധ്യമ പ്രതിനിധികൾക്കും എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥാനത്തായിരുന്നു ഇതിന്റെ സ്ഥാനം. സമ്മേളനകാലയളവിൽ പവലിയൻ നിരന്തര പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറി. ഔപചാരിക കൂടിക്കാഴ്ചകളും അനൗപചാരിക സംഭാഷണങ്ങളും മാധ്യമ ഇടപെടലുകളും മേഖലാ ചർച്ചകളും ഇവിടെ നടന്നു, ഇതുവഴി കേരളത്തിന്റെ ദൃശ്യതയും ഇടപെടൽ കാര്യക്ഷമതയും പരമാവധി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

സമ്മേളനത്തിനിടെ, വിവിധ മേഖലകളിലെ അറുപതിലധികം ആഗോള കമ്പനികളുമായി കേരള പ്രതിനിധി സംഘം ലക്ഷ്യബദ്ധവും ഘടനാപരവുമായ ചർച്ചകൾ നടത്തിയിരുന്നു. ഏകാന്ത കൂടിക്കാഴ്ചകൾ, ക്യൂറേറ്റഡ് ബിസിനസ് ഇടപെടലുകൾ, ഉന്നതതല സിഇഒ സംഭാഷണങ്ങൾ, മേഖലാ പ്രത്യേക ചർച്ചകൾ എന്നിവ ഉൾക്കൊള്ളിച്ച് നടത്തിയ ചർച്ചകൾ നിക്ഷേപ പരിവർത്തനത്തെ പ്രോത്സാഹിപ്പിച്ചിരുന്നു.

ഈ പങ്കാളിത്തത്തിന്റെ ഫലമായി, ഇരുപത്തേഴ (27) ആഗോള കമ്പനികളിൽ നിന്ന് 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ താൽപര്യ പത്രങ്ങൾ കേരളം നേടി. പ്രധാന നിക്ഷേപങ്ങൾക്കൊപ്പം അനുബന്ധ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഈ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കപ്പെടുമെന്നാണ് പ്രതീക്ഷ.

അമേരിക്ക, ബ്രിട്ടൺ, ജർമ്മനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ ആസ്ഥാനം ഉള്ള കമ്പനികളിൽ നിന്നാണ് ഈ നിക്ഷേപ താൽപര്യങ്ങൾ ലഭിച്ചത്. ഡാവോസിൽ ലഭിച്ച നിക്ഷേപ താൽപര്യങ്ങൾ പുതുമയാർന്നതും ഭാവിയിൽ പ്രയോജനപ്രദവുമായ മേഖലകളിലേക്കാണ് വ്യാപിച്ചിരിക്കുന്നത്. പുനരുപയോഗ ഊർജ്ജം, ഹരിത ഹൈഡ്രജൻ, ഊർജ്ജ സംഭരണം, മെഡിക്കൽ സാങ്കേതികവിദ്യകൾ, ആഗോള ശേഷികേന്ദ്രങ്ങൾ, ഡാറ്റ കേന്ദ്രങ്ങൾ, കൃത്രിമ ബുദ്ധി പ്രയോഗങ്ങൾ, പരിസ്ഥിതി–സാമൂഹിക ഉത്തരവാദിത്വം മുൻനിർത്തിയ ധനകാര്യ സേവനങ്ങൾ, അത്യാധുനിക നിർമ്മാണം, ആരോഗ്യസൗകര്യങ്ങൾ, ടൂറിസവും ക്ഷേമവുമടങ്ങിയ മേഖലകൾ, സുസ്ഥിര നഗര–വ്യവസായ വികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഡാവോസിൽ ഏതൊരു ഇന്ത്യൻ

| | | | |
|---|---|---|---|
| | | | സംസ്ഥാനവും കൈവരിച്ച ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു. |
| (ഡി) | ലോക സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുത്ത മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ കേരളത്തിന് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | മേൽ (സി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ